# സാഹിത്യം

അറബി ഭാഷക്ക് വ്യാകരണത്തിന്റെ ഭദ്രമായ ചട്ടക്കൂട് നല്കിയ ഖുർആൻ പുതിയ ഭാഷാ ബോധനത്തിനു വഴിയൊരുക്കി. ഇസ്‌ലാമിക നാഗരികത ഇതര നാഗരികതകളുടെ വൈജ്ഞാനിക ഈടുവെയ്പ്പുകളെ സ്വാംശീകരിക്കുകയും നവീകരിക്കുകയും ചെയ്ത കൂട്ടത്തിൽ സാഹിത്യത്തിനും വലിയ മുതൽക്കൂട്ടുകൾ ഉണ്ടാക്കി. പഹ്‌ലവി ഭാഷയിലൂടെ അറബിയിലെത്തിയ *പഞ്ചതന്ത്രം കഥകൾ* ലോകത്തിലെ 40 ഭാഷകളിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടത് അറബിയിൽനിന്നാണ്. അറബി കഥാസമാഹാരമായ *ആയിരത്തൊന്നു രാവുകൾ*ക്ക് അനേകം പരിഭാഷകളും അനുകരണങ്ങളുമുണ്ടായി. *ഡെക്കാമറൻ കഥകൾ, കാന്റർബറി കഥകൾ* തുടങ്ങിയ ഫ്രഞ്ച്-ഇംഗ്ലീഷ് ക്ലാസിക്കുകൾക്ക് പ്രചോദനം അറബിക്കഥകളാണെന്ന് നിരൂപകർ വിലയിരുത്തുന്നു. *ബൈബിൾ* കഴിഞ്ഞാൽ ലോകത്ത് ഏറ്റവും കൂടുതൽ വായിക്കപ്പെടുന്നത് ഈ രണ്ട് അറബി കഥാസമാഹാരങ്ങളുടെ പരിഭാഷകളാണെന്ന് വിൽഡ്യൂറന്റ് എഴുതുന്നു. ഫ്രഞ്ച് ഓറിയന്റലിസ്റ്റ് അന്റോണി ഗലാൻഡ് (**Antonie Galland**) 1704-ൽ പാരീസിൽ പ്രസിദ്ധീകരിച്ച ആയിരത്തൊന്നു കഥകളുടെ പരിഭാഷ (***Les mille et une nuits***) യൂറോപ്പ് അത്യുത്സാഹത്തോടെയാണ് സ്വീകരിച്ചത്. *സിന്ദ്ബാദിന്റെ കപ്പൽയാത്ര*യും *അലാവുദ്ദീന്റെ അദ്ഭുത വിളക്കും ആലിബാബയും നാല്പത്തൊന്ന് കള്ളൻമാരും* കുട്ടികളുടെയും മുതിർന്നവരുടെയും സംസാര വിഷയമായിത്തീർന്നു.

കവിതയോടടുക്കുന്ന ഗദ്യം അറബി ഭാഷയുടെ പ്രത്യേകതയായിരുന്നു. ഖുർആനാണ് ഈ സവിശേഷതക്ക് നിമിത്തമായത്. പ്രാസബദ്ധമായ ഗദ്യശൈലി അറബി ഗദ്യത്തിന് സവിശേഷമായ ശക്തിയും സൗന്ദര്യവും നല്കി. ഹമദാനി(മരണം 1008)യുടെ *മഖാമാത്* അറബി ഗദ്യത്തിലെ ഒരു ക്ലാസിക് കൃതിയാണ്. ഗദ്യ-പദ്യ പാരായണ സദസ്സുകൾ മുസ്‌ലിംകളുടെ സാംസ്കാരിക ജീവിതത്തിന്റെ അവിഭാജ്യ ഘടകമായിരുന്നു. സാധാരണക്കാർ മുതൽ ഖലീഫഃമാർ വരെ ഇത്തരം സദസ്സുകളിൽ പങ്കുകൊണ്ടു. മറ്റു നാഗരികതകളിൽ സാഹിത്യാദി കലകൾ വരേണ്യരായ ഒരു ന്യൂനപക്ഷത്തിന്റെ മാത്രം വിഹാര രംഗമായിരുന്നു. എന്നാൽ ഇസ്‌ലാമിക നാഗരികതയിൽ ഇവ അങ്ങേയറ്റം ജനകീയമായിരുന്നു. കവിതാ പൂരണ-അക്ഷര ശ്ലോക മത്സരങ്ങൾ ജനകീയ വിനോദങ്ങളായാണ് പ്രചരിച്ചത്. വൃത്തത്തിന്റെയും പ്രാസത്തിന്റെയും സങ്കീർണ മാതൃകകൾ പ്രയോഗിക്കുന്നതിൽ അറബി കവികൾ മത്സരിച്ചു. അറബി കവിതയിലെ ഈ പ്രാസ കലഹം യൂറോപ്യൻ കവിതയിൽ പ്രാസത്തിന്റെ ഉദയം കുറിച്ചതായി വിൽഡ്യൂറന്റ് പറയുന്നു. (അധ്യായം XII, പേജ് 263)

അബ്ബാസീ യുഗത്തിന്റെ ഒടുവിൽ അബുൽഫറജിൽ ഇസ്ഫഹാനി ശേഖരിച്ച അറബി കവിതകൾ 20 വാല്യങ്ങളുടെ ബൃഹദ് ഗ്രന്ഥ പരമ്പരയാണ്. *കിതാബുൽ അഗാനി* (പാട്ടുകളുടെ പുസ്തകം) എന്നാണ് ഈ വിശ്രുത ഗ്രന്ഥപരമ്പരയുടെ പേര്. ഈ സമാഹാരത്തിലുള്ള കവിതകളുടെയും അവയുടെ രചയിതാക്കളുടെയും എണ്ണവും ആശയ ലോകവും ആരെയും അമ്പരപ്പിക്കുന്നതാണ്. ചൈനീസ് സംസ്കാരത്തിന്റെ സുവർണ നാളുകളിൽ പോലും അവിടെ ഇത്രയധികം കവികളോ കവിതകളോ ഉണ്ടായിരുന്നില്ല. ഇസ്‌ലാമിക നാഗരികത കവികളോട് വളരെയധികം ഔദാര്യം കാണിച്ചിട്ടുണ്ട്. ഖലീഫഃ ഹിശാമിന് ഒരു കവിത ഓർമയിൽ വരാതായപ്പോൾ കവി ഹമ്മാദിനെ ആളയച്ചു വരുത്തി. ഹമ്മാദ് ആ കവിത ഖലീഫഃയെ ഓർമയിൽനിന്ന് ചൊല്ലിക്കേൾപ്പിച്ചു. 50,000 ദീനാറാണ് കവിക്ക് അപ്പോൾ ഖലീഫഃ പാരിതോഷികമായി നല്കിയത്. 2,37,500 ഡോളറിന് തുല്യമായ തുകയാണിത്. ആധ്യാത്മികതയെക്കാൾ പ്രേമവും യുദ്ധവും ഹാസ്യവുമാണ് അബ്ബാസീ കവികളെ ആകർഷിച്ചിരുന്ന പ്രമേയങ്ങൾ. അബുൽഅലാഇൽ മഅർരിയാണ് ഈ പൊതു പാരമ്പര്യത്തിന്റെ ശ്രദ്ധേയമായ ഒരപവാദം. വിശ്വാസത്തിനും യുക്തിക്കുമിടയിലെ സന്ത്രാസം മഅർരിയുടെ കവിതകളിലെ പ്രധാന വിഷയമാണ്. കവിതയിൽ മഅർരി വിജയകരമായി പരീക്ഷിച്ച സങ്കേതം അതേപടി അനുകരിച്ചാണ് യൂറോപ്യൻ നവോത്ഥാനത്തിന്റെ കവിയായ ഡാന്റെ തന്റെ പ്രസിദ്ധമായ *ഡിവൈൻ കോമഡി* രചിച്ചത്. മഅർരിയുടെ *രിസാലതുൽ ഗുഫ്റാ*നും ഇബ്നുഅറബിയുടെ സ്വർഗ വർണനകളുമാണ് ഡാന്റെക്ക് പ്രചോദനമായത്.

സ്പെയ്നിലെ ക്രൈസ്തവരായ അഭ്യസ്തവിദ്യർ ക്രൈസ്തവ മതസാഹിത്യത്തിലോ *ബൈബിളി*ലോ താൽപര്യം കാണിക്കാതെ അറബി സാഹിത്യത്തിൽ ആകൃഷ്ടരാവുന്നതിൽ പുരോഹിതന്മാർ അസ്വസ്ഥത പ്രകടിപ്പിച്ചതിന്റെ ഒട്ടേറെ ഉദാഹരണങ്ങളുണ്ട്.

അറബി ഭാഷക്കും സാഹിത്യത്തിനും ഒപ്പം റോമൻ ഭാഷയും സാഹിത്യവും ഇസ്‌ലാമിക നാഗരികതയിൽ വളർന്നു വികസിക്കുകയുണ്ടായി. പരശ്ശതം ഗദ്യ-പദ്യ കൃതികൾ പേർഷ്യനിൽ അക്കാലത്തു രചിക്കപ്പെട്ടു. ഇസ്‌ലാമിക നാഗരികതയുടെ സ്വാധീനം നേരിട്ടു പ്രകടമാക്കിയ മറ്റൊരു ഭാഷയാണ് തുർകി.

സാഹിത്യത്തിന്റെ വളർച്ചയോടൊപ്പം പുസ്തക നിർമാണ രംഗത്തും ഇസ്‌ലാമിക നാഗരികത ഇതര നാഗരികതകളെക്കാൾ മുന്നിട്ടുനിന്നു. പുസ്തകങ്ങളുടെ പ്രതികൾ കൈകൊണ്ടെഴുതി തയ്യാറാക്കുകയാണ് ചെയ്തിരുന്നത്. ക്രി. 800-ൽ യഹ്‌യൽ ബർമകി ബഗ്ദാദിൽ ആദ്യത്തെ കടലാസ് നിർമാണ മില്ല് സ്ഥാപിച്ചതിന് ശേഷം അറബ് ലോകത്ത് കടലാസ് സുലഭമായി. ക്രി. 990-ൽ ബഗ്ദാദിലെ ചെറിയൊരു മദ്റസഃയിൽ തന്നെ 10,000 ഗ്രന്ഥങ്ങളുള്ള ലൈബ്രറിയുണ്ടായിരുന്നു. ഏതാണ്ട് അതേ കാലത്ത് ഈജിപ്തിലെ ഫാത്വിമീ ഖലീഫഃമാരുടെ കൊട്ടാര ലൈബ്രറികളിൽ ഒരു ലക്ഷം ഗ്രന്ഥങ്ങളുണ്ടായിരുന്നതായി ചരിത്രകാരന്മാർ പറയുന്നു. ക്രി. 998-ൽ വിരചിതമായ ഇബ്നുന്നദീമിന്റെ *അൽഫിഹ്‌രിസ്തി* (ഗ്രന്ഥസൂചി)ൽ ഇന്നു ലഭ്യമല്ലാത്ത അനേകം ഗ്രന്ഥങ്ങളെക്കുറിച്ച കുറിപ്പുകളുണ്ട്. കൊട്ടാരങ്ങളിലും വിദ്യാകേന്ദ്രങ്ങളിലുമുള്ള ഗ്രന്ഥശാലകൾക്കു പുറമേ അനേകം പൊതു-സ്വകാര്യ ഗ്രന്ഥാലയങ്ങൾ മുസ്‌ലിം ലോകത്തുടനീളം പ്രവർത്തിച്ചിരുന്നു. വിദ്വജ്ജനങ്ങൾ മാത്രമല്ല സാധാരണക്കാരും ഈ ഗ്രന്ഥാലയങ്ങളെ വൻതോതിൽ ഉപയോഗപ്പെടുത്തി. ഗ്രന്ഥാലയങ്ങൾ പൂർണാർഥത്തിലുള്ള വൈജ്ഞാനിക കേന്ദ്രങ്ങളാ(ബൈതുൽ ഹിക്മഃ)യി വളർത്തിയെടുക്കുന്നതിൽ പല ഭരണാധികാരികളും ശ്രദ്ധവച്ചു. ഗ്രന്ഥാലയങ്ങളുടെ നടത്തിപ്പിനായി പ്രത്യേക വഖ്ഫുകളുണ്ടായിരുന്നു എന്നത് ഇസ്‌ലാമിക സംസ്കാരം ഗ്രന്ഥങ്ങൾക്കു കല്പിച്ച പ്രാധാന്യത്തിനു തെളിവാണ്.